പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം.5168 | 27/06/2019 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

## ഭക്ഷ്യ വസ്തുക്കൾ മായം ചേർക്കാത്തതാണെന്ന് ഉറപ്പാക്കുന്നതിന് നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എ. എൻ. ഷംസീർ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ കമ്പോളങ്ങളിൽ വിൽക്കപ്പെടുന്ന ഭക്ഷ്യ വസ്തുക്കൾ മായം ചേർക്കാത്തതാണെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | എ) | സംസ്ഥാനത്തൊട്ടാകെ ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന ഭക്ഷ്യവസ്തുക്കൾ ഉൾപ്പടെ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇട വേളകളിൽ പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ ഓണം, റംസാൻ, ക്രിസ്തുമസ്, ബക്രീദ് തുടങ്ങിയ ആഘോഷവേളകളിലും ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല, തൃശ്ശൂർ പൂരം തുടങ്ങിയ ഉത്സവ സീസണുകളിലും, പ്രാദേശികമായി നടക്കുന്ന ഉത്സവങ്ങൾ, കൂടിച്ചേരലുകൾ, മഴ ക്കാലം, വേനൽക്കാലം തുടങ്ങി പകർച്ച വ്യാധികൾ പടർന്ന്പിടിക്കുന്ന സന്ദർഭ ങ്ങളിലും പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡു കൾ രൂപീകരിച്ച് പരിശോധനകൾ നടത്തു ന്നു ണ്ട്. പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാരനിയമം ലംഘിക്കുന്നതാ യി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ/ പ്രോസിക്യൂ ഷൻ/ അഡ്ജുഡിക്കേഷൻ നടപടികൾ സ്വീക രിക്കുന്നുണ്ട്. പരിശോധനകളിൽ ഗുണനില വാരമില്ലാത്തതും ആരോഗ്യത്തിന് ഹാനികര വുമായ ഭക്ഷ്യവസ്തുക്കൾ കണ്ടെത്തുന്ന അവസര ങ്ങളിൽ ഭക്ഷ്യസുരക്ഷാ ഗുണ നിലവാര നിയമം, 2006 ൽ പരാമർശിക്കുന്ന പ്രകാരം ഭക്ഷ്യവസ്തുക്കൾ തിരിച്ച്വിളിക്കൽ (സെക്ഷൻ 28), ഇംപ്രൂവ്മെന്റ് നോട്ടീസ് (സെക്ഷൻ 34) എന്നീ വകുപ്പുകളും പ്രകാരം നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചുവരുന്നു. ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഭക്ഷ്യസുരക്ഷാ വകുപ്പ് ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നതിന്റെ ദൂഷ്യ വശങ്ങൾ വിശദീകരിച്ചുകൊണ്ട് നിരവധി അവബോധന ക്ലാസുകൾ സംഘടിപ്പിക്കുകയും ലഘു ലേഖകൾ വിതരണം ചെയ്യുകയും, ഈ വിഷയത്തിൽ ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തുന്നതിനുള്ള എളുപ്പ മാർഗ്ഗങ്ങൾ സംബന്ധിച്ച് ഒരു ഡോക്യുമെന്ററി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.<br>സംസ്ഥാനത്തെ വിദ്യാർത്ഥികളിൽ ഭക്ഷ്യ സുരക്ഷ സംബന്ധിച്ച് അവബോധനം സൃഷ്ടിക്കുന്നതിനായി **SNF@School** എന്ന പദ്ധതിയും, ഗ്രാമപ്രദേശങ്ങളിൽ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി മാതൃകാ ഗ്രാമ പഞ്ചായത്ത് പദ്ധതിയും, മത്സ്യത്തിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർക്കുന്നത് തടയുന്നതിനായി 'ഓപ്പറേഷൻ സാഗർറാണി' എന്ന പദ്ധതിയും, ശർക്കരയിലെ മായം കണ്ടെത്തുന്നതിനായി **'ഓപ്പറേഷൻ പനേല'** എന്ന പദ്ധതിയും, ആരാധനാലയങ്ങളിൽ നിന്നും വിതരണം ചെയ്യുന്ന പ്രസാദത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിയുമായി സഹകരിച്ച് "BHOG" (Blissfull Hygienic Offering to God) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ